**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **02-08-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും, പൂർത്തീകരിച്ചതും, നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ? | (എ) | കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങൾക്ക് അഞ്ചുകോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രധാനമായും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികൾ പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതും ഭരണാനുമതി ലഭിച്ചതും, പൂർത്തീകരിച്ചതും, നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. 5കോടി രൂപ കിഫ്ബി ധനസഹായ ത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കിഴക്കഞ്ചേരി ജി.എച്ച്.എസ്. എസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി രൂപ കിഫ്ബി ധനസഹായ ത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ആലത്തൂർ ജി.എച്ച്.എസ്. എസിന്റെ ഡിപിആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 1 കോടി രൂപ കിഫ്ബി ധനസഹായ ത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങ ൾക്കായി ജി.എച്ച്.എസ്.മുടപ്പല്ലൂർ, ജി.എച്ച്. എസ്.കുനിശ്ശേരി, ജി.യു.പി.എസ്.പുതിയങ്കം, ജി.എച്ച്.എസ്.എസ്.തേൻകുറിശ്ശി എന്നിവയെ യാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിൽ ജി.എച്ച്.എസ്.മുടപ്പല്ലൂരിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ച് ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജി.എച്ച്.എസ്.കുനിശ്ശേരിയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.യു.പി.എസ്. പുതിയങ്കത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ആരംഭിച്ച് പ്രവൃത്തി 17% പൂർത്തിയായിട്ടുണ്ട്. ജി.എച്ച്.എസ്.എസ്.തേൻകുറിശ്ശിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പ്രവൃത്തി 15% പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ